Rse. 37
3153



ചരിതനായ

ക. നി. മൂ. സ. ശ്രീയോർജനാരം

[illegible] ഗബ്രിയേലച്ചൻ.

6__1933.

ORKS
80
LORE
29
COLLEGE
50.106
AT-O

FAT.
250.106-1
-3153

ST. [illegible]

Reg. [illegible]

Shelf [illegible]

Auth [illegible]

Title [illegible]

Plalc [illegible]

Rec-37

CMS COLLEGE KOTTAYAM LIBRARY

J.M.J.

പരേതനായ

ക. നി. മൂ. സ. പ്രിയോർജനറാൽ

പെ. ബ. യെസേപ്പ് ഗബ്രിയേലച്ചൻ

1876—1933.

DHARMARAM COLLEGE LIBRARY BANGALORE-29

ജനനം: ബാല്യം.

തിരുവിതാംകൂർ രാജ്യത്തിൽ പുതുക്കാട്ടുപള്ളി ഇടവക കുളങ്ങരെ പുലിക്കൽ എന്ന മാന്യകുടുംബത്തിൽ ചാക്കോരു—മറിയംകുട്ടി എന്ന ഭക്തരായ ദമ്പതിമാരിൽനിന്നും 1866 മാർച്ച് 19—ാംനു-യാണ് പെ. ബ. ഗബ്രിയേലച്ചൻ ജാതനായത്. വി. യെസേപ്പുപിതാവിന്റെ മരണത്തിരുനാളിൽ പിറക്കുന്നതിനും, ജ്ഞാനസ്നാനത്തിൽ യെസേപ്പു എന്ന പാവനനാമം ലഭിക്കുന്നതിനും ഭാഗ്യമുണ്ടായ ഈ വന്ദ്യഭവനം ആജീവനാന്തം വി. യെസേപ്പുപിതാവിന്റെ ഒരുത്തമഭക്തൻതന്നെ ആയിരുന്നു. ബാല്യപ്രായത്തിലെ സാമാന്യവിദ്യാഭ്യാസം സ്വഭവനത്തുതന്നെ കഴിച്ചുശേഷം 1881—ൽ 15—ാമത്തെ വയസ്സിൽ അന്നു കേരളീയ കർമ്മലീത്താസഭയുടെ നവസന്ന്യാസാശ്രമവും പഠനഗൃഹവും ആയിരുന്ന കുനമ്മാവു വി. പ്ലമ്മേനായുടെ ആശ്രമത്തിൽ ഒരു നവസന്ന്യാസാർത്ഥിയായി ചേർന്നു.

DHARMARAM COLLEGE LIBRARY
Ac. No. 2-4-7-3.5.7.454 2
Call No.

നവസന്ന്യാസം.

1887 ജനുവരി 6-ൽ ആദ്ധ്യാത്മനേച്ച് ദൈവത്തിനു സമർപ്പിച്ചുകൊണ്ട് ഈ യുവസന്ന്യാസി കുന്നമ്മാവുങ്കൽതന്നെ സന്ന്യാസാനുഷ്ഠാനവും വൈദികപഠനവും സ്വസ്ഥമായി കഴിച്ചുപോന്നു. അങ്ങനെയിരിക്കെ, കുന്നമ്മാവു ആശ്രമവും പള്ളിയും വരാപ്പുഴ മെത്രാപ്പോലീത്തായ്ക്കു് വിട്ടുകൊടുക്കണമെന്നുണ്ടായ റോമായിലെ കല്പനപ്രകാരം കുന്നമ്മാവുങ്കൽനിന്നും അച്ചന്മാരും മറ്റു സന്ന്യാസികളും സാമാനസഹിതം 1889 മാർച്ച് മാസത്തിൽ അവിടെനിന്നും അമ്പഴക്കാട്ട ആശ്രമത്തിലേക്ക് മാറിപ്പോന്നകൂട്ടത്തിൽ നമ്മുടെ കഥാനായകനും അമ്പഴക്കാട്ട വന്നുചേർന്നു. എന്നാൽ, സഭയുടെ വൈദിക വിദ്യാഭ്യാസം വിശേഷവിധം നടത്തുന്നതിലേക്ക് അന്നു കോട്ടയംവികാരി അപ്പൊസ്തോലിക്കയായിരുന്ന ഭാഗ്യസ്മരണക്കർഹനായ ലവീഞ്ഞുമെത്രാനച്ചൻ അ. ഉ. ലേഗാട്ട് അപ്പൊസ്തോലിക്കയെ ബോധിപ്പിച്ച് റോമിൽനിന്നും വേണ്ട അനുമതികളും വാങ്ങിച്ചതു ഈ കാലഘട്ടത്തിലായിരുന്നു. പ്രസ്തുതപ്പോടനുസരിച്ച്, മംഗലാപുരത്തെ ഈശോസഭക്കാരുടെ സെമിനാരിക്കു സമീപം ഒരു ഭവനത്തിൽ താമസിച്ചുകൊണ്ട് കർമ്മലീത്ത വൈദികവിദ്യാർത്ഥികളും സെമിനാരിക്കാരോടുകൂടെ വൈദികപഠനം നിർവ്വഹിക്കണമെന്നാണ് തീർച്ചയാക്കിയിരുന്നതു. തന്നിമിത്തം, അമ്പഴക്കാട്ട് അന്നുണ്ടായിരുന്ന ശെമ്മാശ്ശന്മാരിൽ ആറുപേരെ തെരിഞ്ഞെടുത്തു 1890 മേയ് മാസാരംഭത്തിൽ കപ്പൽമാർഗ്ഗം മംഗലാപുരത്തേക്ക് വിടുകയുണ്ടായി.

ശാസ്ത്രാഭ്യസനം.

ഉപരിപഠനാർത്ഥം അങ്ങനെ മംഗലാപുരത്തേക്ക് ആദ്ധ്യമായി പോയവരിൽ ഒരുവനായിരുന്നു നമ്മുടെ ബ. ഗബ്രിയേലച്ചൻ. അവിടെ എല്ലാവരുടെയും പ്രീതിക്കും പ്രശംസക്കും പാത്രീഭവിക്കത്തക്കവണ്ണം വൈദികശാസ്ത്രങ്ങളിൽ നൈ

ABRAHAM COLLEGE LIBRARY
80825 — 3 — K100/C629

പുണ്യം സമ്പാദിച്ചു് 1895_ൻെറ അവസാനത്തോടെ പാനം പൂത്തിയാക്കിക്കൊണ്ടു് മംഗലാപുരത്തുനിന്നും അമ്പഴക്കാട്ടാശ്രമത്തിൽ വന്നു. ഒരുമാസത്തിലധികം അവിടെ താമസിച്ചു്തദനന്തരം, പള്ളിക്രമങ്ങൾ തഴങ്ങി ഗുരുപ്പട്ടത്തിനു ഒരുങ്ങുന്നതിനായി മാന്നാനത്തേക്കു പോവുകയും, 1896 ഏപ്രിൽ 4_ാംനു- ആലപ്പുഴവെച്ചു ഗുരുപ്പട്ടം സ്വീകരിക്കുകയും, അടുത്ത ദിവസം അമ്പഴക്കാട്ടു ആശ്രമത്തിലെ പുതിയ ദൈവാലയത്തിൽ നവപൂജ അർപ്പിക്കുകയും ചെയ്തു.

വൈദികജീവിതം.

ഗുരുപ്പട്ടാനന്തരം മരണപര്യന്തമുള്ള തൻെറ ആയുഷ്കാലം മിക്കവാറും മുഴുവൻതന്നെ നമ്മുടെ കഥാനായകൻ സഭാന്തം സഭയുടെ ഭാരമറിയാതും ഗുരുതരങ്ങളുമായ ഉദ്യോഗങ്ങളും നിർവ്വഹിച്ചു് എല്ലാവരുടെയും. സ്നേഹബഹുമാനാദികൾക്കു പാത്രീഭൂതനായിട്ടുണ്ടു്. ഇന്നു കർമ്മലീത്താസഭയിലുള്ള വൈദികരിൽ ഒരു നല്ലഭാഗം ഇദ്ദേഹത്തിൻെറ ശിക്ഷണത്തിൻകീഴ് നവസന്ന്യാസികളായും വിദ്യാർത്ഥികളായും അഭ്യസിച്ചിട്ടുണ്ടെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. നവസന്ന്യാസഗുരു (1899_1905, 1913_1917), പ്രിയോർ (1905_1911), ഹൈനിത്തോർ ജനറാൾ (1902_ 1905, 1914_1917, 1923_1932), പ്രിയോർ ജനറാൾ (1917_1920) ഇങ്ങനെ വിവിധ ഉദ്യോഗങ്ങളും അദ്ദേഹത്തിൻെറ വൈദികായുഷ്കാലത്തു വഹിച്ചിട്ടുണ്ടു്.

പരസ്നേഹപ്രവൃത്തികൾ.

ഇദ്ദേഹം അമ്പഴക്കാട്ടു കൊവേന്തയുടെ പ്രിയോരായിരിക്കയിൽ, നവസന്ന്യാസികളുടെ വാസത്തിനു അവിടെ വേണ്ടത്ര സ്ഥലസൌകര്യമില്ലെന്നു മനസ്സിലാക്കിക്കൊണ്ടു് അവരുടെ പാപ്പിനായി 20 കൊല്ലംമുമ്പു അ. ഉ. ലഗാർ അപ്പൊസ്തോലിക്കായുടെ കല്പനപ്രകാരം കൊവേന്തയോടുചേർന്നു പു

ടിഞ്ഞാറെഭാഗത്തു തറപ്പൊക്കമാക്കിയിട്ടിരുന്ന കെട്ടിടം പണിപൂർത്തിയാക്കണമെന്നു തീർച്ചയാക്കി. അതിലേക്കും മറ്റുമായി വേണ്ട അനുമതിയോടെ 1907–ൽ 5000 കയുടെ ഒരു കരിയും, 1910–ൽ 5000 കയുടെ വേറൊരു കരിയും അദ്ദേഹം അരംഭിച്ചു നടത്തിപ്പോന്നു. ഇവയുടെ സഹായത്താൽ 45 കോൽ നീളമുള്ള പുതിയ യൊവിസ്യാത്തു ഭവനത്തിന്റെ പണി 1911 ജൂലൈ മാസത്തിൽ പൂർത്തിയാക്കി. ഇങ്ങനെ നവസന്യാസികളുടെ പാപ്പിനുവേണ്ട സ്ഥലസൌകര്യം ഉണ്ടാക്കിക്കൊടുത്തു.

സാധുജനസംരക്ഷണം.

ബ. ഗബ്രിയേലച്ചന്റെ ദീനമനസ്ഥതയുടെയും, സാധുക്കളോടും പീഡിതരോടുമുള്ള അനുകമ്പയുടെയും ഫലമായി 1911– ആഗസ്റ്റിൽ പൊതുജനോപകാരാർത്ഥം ഒരു ആസ്പത്രി പണിയിക്കുന്നതിനും അദ്ദേഹം തീർച്ചയാക്കി. മാള അത്തിയിൽ പ്രസ്തുത ആസ്പത്രി പണിയുന്നതിനു സ്ഥാനം കണ്ടു നിശ്ചയിച്ചുതരണമെന്നായി കൊച്ചി ഗവൺമെണ്ടിനോടപേക്ഷിച്ചപ്രകാരം അന്നത്തെ ചീഫ് മെഡിക്കൽ ആഫീസർ സ്ഥലത്തു വന്നു പരിശോധിച്ച് സ്ഥലം സമീകരിച്ച് തന്നപ്പാൻ അനുസരിച്ച്, അന്നു അവിടുക്കാട്ട ആശ്രമം വകയായിരുന്നതും ഇപ്പോൾ ആസ്പത്രിയിരിക്കുന്നതുമായ സ്ഥലത്തു കെട്ടിടം പണിയുന്നതിനാരംഭിച്ചു. സമീപസ്ഥലങ്ങളിൽനിന്നുള്ള പിരിവും, കൊവേന്തയിൽനിന്നുള്ള സഹായവുംകൊണ്ടു ചുരുങ്ങിയ സമയത്തിനുള്ളിൽ ആസ്പത്രി പണി പൂർത്തിയായി. ദിവാൻ മി. ബാനർജിയും, ചീഫ് മെഡിക്കലാഫീസർ ഡോക്ടർ കുമ്പസും തന്നെ 1911 ഒക്ടോബർ 19–ാം നു- സ്ഥലത്തുവന്നു ആസ്പത്രിയുടെ ഉൽഘാടനം സാഘോഷം നിർവ്വഹിച്ചു. തദവസരത്തിൽ നമ്മുടെ കഥനായകനും മറ്റും ഇക്കാര്യത്തിൽ ചെയ്ത ബുദ്ധിമുട്ടിനെപ്പറ്റി അവർ വളരെ ശ്ലാഘിച്ചു പറയുകയുണ്ടായി. മാത്രമല്ല, കൊവേന്തയിൽനിന്നും വിട്ടുകൊടുത്ത സ്ഥല

ത്തിനുപകരം അതുയും സ്ഥലം ഗവണ്മെണ്ടിൽനിന്നും പിന്നീ
ട് കൊവേന്തക്കു പതിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

സാഹിത്യപരിശ്രമങ്ങൾ.

സുറിയാനിയിലും ലത്തീനിലും ഇദ്ദേഹത്തിനുണ്ടായിരുന്ന
ഭാഷാപാടവം ഒന്നു പ്രത്യേകംതന്നെ ആയിരുന്നു. തന്നിമി
ത്തം, ഈ ഇരുഭാഷകളിൽ മംഗളപത്രങ്ങൾ രചിക്കുന്നതിനൊ,
സാരഗർഭങ്ങളായ വേറെന്തെങ്കിലും എഴുതുന്നതിനൊ ആവശ്യ.
പ്പെട്ടിരുന്ന അവസരങ്ങളിൽ പലരും ഇദ്ദേഹത്തെ സമീപിച്ചു
കാര്യം സാധിച്ചിരുന്നു. സുറിയാനിയിൽ ഇദ്ദേഹം ആധുനി
കരീതിയിൽ ഒരു വ്യാകരണം നിർമ്മിച്ചു സൈക്ലോസ്റ്റയിൽ ചെ
യ്ത് അമ്പഴക്കാട്ടേ വിദ്യാർത്ഥികളെ പഠിപ്പിച്ചുശേഷം പിന്നീട്
1922-ൽ അതു ഒന്നുകൂടെ പരിഷ്കരിച്ചു മാന്നാനം സെൻറ.
ജോസഫ്സ് പ്രസിൽ അച്ചടിപ്പിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്.
വൈദിക വിദ്യാർത്ഥികൾക്കു ഒരു വലിയ അനുഗ്രഹമായിതീ
ർന്നിരിക്കുന്ന ഈ വ്യാകരണം സഭാകയല്ലാതുള്ള പല വൈദി
ക വിദ്യാലയങ്ങളിൽകൂടെയും ഉപയോഗിച്ചുവരുന്നു.

നമ്മുടെ കഥാനായകൻ സംഗീതത്തിലുണ്ടായിരുന്ന പാ
ടവവും അനിതരസാധാരണമായിരുന്നു. മംഗലാപുരത്തു
വൈദിക പഠനകാലത്തു സംഗീതത്തിലും ശാസ്ത്രീയമായ അ
ഭ്യസനം സമ്പാദിച്ചു. നവസന്ന്യാസഭവനായിരുന്ന ദീപ്കാ
ലത്തിനിടയിൽ സഹപാഠികളെ സംഗീതത്തിലും പ്രത്യേകവിധം
പരിശീലിപ്പിച്ചിരുന്നു. തൽഫലമായി ഇന്നു സഭാംഗങ്ങളു
ടെ ഇടയിൽ പല സംഗീതവിദ്വാന്മാരും ഉണ്ടാകുവാൻ ഇട
യായിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമാണ്. ഇദ്ദേഹം വിവിധരാ
ഗങ്ങളും രചിക്കയും ലത്തീൻ രാഗങ്ങളും അനുസരിച്ചു പല
സുറിയാനിപ്പാട്ടുകളും ശരിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കർമ്മലീത്താസഭയിലെ പല പുണ്യപുരുഷന്മാരുടെയും ച
രിത്രം ബ. ഗബ്രിയേലച്ചൻ എഴുതിയിട്ടുണ്ട്. അതു കയ്യെ
ഴുത്തായി ഇന്നും ഉപയോഗിച്ചുവരുന്നു. ഇതിനുംപുറമെ 200-ൽ

പരം പുണ്യവാന്മാരുടെ ജീവചരിത്രം ഇദ്ദേഹം രചിച്ചിട്ടുണ്ട്. അവയിൽ വലിയപങ്കും 'കർമ്മല കുസുമം' മാസികവഴി പ്രസിദ്ധം ചെയ്തിട്ടുള്ളതാണ്. കൂടാതെയും, ഉപകാരപ്രദങ്ങളായ പല നല്ലലേഖനങ്ങളും പ്രസ്തുത മാസികയിൽതന്നെ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയിൽ, 'ദൈവപരിചിന്തനം' എന്നപേരിൽ സന്ന്യാസവിളിയെപ്പറ്റി സംക്ഷേപരൂപത്തിൽ തുടച്ചയായി പ്രസിദ്ധീകരിച്ച ലേഖനപരമ്പര പ്രത്യേകം പ്രസ്താവ്യമാണ്. അതു വായിച്ചതുനിമിത്തംതന്നെ വൈവിളി എന്നാനാം പ്രാപിച്ച് ചിലരെല്ലാം സന്ന്യാസത്തിൽ പ്രവേശിച്ചിട്ടുള്ളതായി സൂക്ഷ്മമായറിയാം.

പ്രേഷകവൃത്തി.

ഇദ്ദേഹം പലസ്ഥലങ്ങളിലും വൈദികർക്കും, സന്ന്യാസികൾക്കും, കന്യാസ്ത്രീകൾക്കുമായി ധ്യാനപ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. ബ. ഗബ്രിയേലച്ചന്റെ ഉപദേശങ്ങളും പ്രസംഗങ്ങളും, സംക്ഷിപ്തവും സാരഗർഭവും സരസവും പ്രായോഗികവും ആയിരുന്നു. കന്യാസ്ത്രീകളുടെ സഭാസ്വീകരണാവസരത്തിൽ ഒരിക്കൽ അദ്ദേഹം ചെയ്തതും കീഴെ ഉദ്ധരിക്കുന്നതുമായ ചെറുപ്രസംഗത്തിൽനിന്നും ഇതിന്റെ യാഥാർത്ഥ്യം ഗ്രഹിക്കാവുന്നതാണ്:— അദ്ദേഹം പറയുന്നു:—

1. "ലോകാധികാരികളും, തങ്ങളുടെ ശുശ്രൂഷികളും മറ്റാളുകളിൽനിന്നും തിരിച്ചറിയപ്പെടുന്നതിനായി ഓരോ പ്രത്യേക ചിഹ്നങ്ങൾകൊണ്ട് അവരെ അലംകൃതരാക്കുന്നു. ഈ ചിഹ്നങ്ങളെ ആ സേവകർ കാര്യമായി മതിച്ചു ധരിക്കുന്നു. ശേഷംപേരും ഈ ചിഹ്നധാരികളെ സബഹുമാനം ആചരിക്കുന്നു. രാജസേവകന്മാർക്കും, സേനാധിപന്മാർക്കും, പടയാളികൾക്കും, ശിപായികൾക്കും പ്രത്യേകം പ്രത്യേകം അടയാളമുണ്ട്.

ഇപ്രകാരംതന്നെ ദൈവം തന്റെ പ്രത്യേകശുശ്രൂഷക്കായി തെരിഞ്ഞെടുത്ത തന്റെ ഭവനമായ സന്ന്യാസത്തിൽ നി

വസിപ്പിക്കുന്ന ദേവന്മാരും ദേവികളുമായവർ ശ്രേഷ്ഠംപോരിൽനിന്നും തിരിച്ചറിയപ്പെടുന്നതിനായി അവക്ക് പ്രത്യേകവസ്ത്രങ്ങളും ചിഹ്നങ്ങളും നൽകുന്നു. തന്നിമിത്തം ഇവർ ഈ ചിഹ്നങ്ങളെ കാര്യമായി മതിച്ചു സ്നേഹിച്ച് ധരിക്കുന്നു. തങ്ങൾക്കു അവ ഒരു ഭാഗ്യവും ഭൂഷണവുമായി കരുതുകയുംചെയ്യുന്നു. മറ്റാളുകളൊക്കുന്നാൽ ഈ ഭൂഷണധാരികളെ ബഹുമാനിക്കയും അഭിനന്ദിക്കയും ചെയ്യുന്നു. ആ കൂട്ടത്തിൽപെട്ട ഒരു ചിഹ്നമാണ് സന്ന്യാസസഭാവസ്ത്രം. ഇതിനെ ധരിക്കുന്നതിനു തെരിഞ്ഞെടുക്കപ്പെടുന്നവർ ഭാഗ്യപൂരിതരത്രെ.

2. സന്ന്യാസസഭാവസ്ത്രധാരണത്തോടെ ഒരാൾ ദൈവ്യപരദീസായിലേക്ക് പ്രവേശിക്കുന്നു. സന്ന്യാസം സാക്ഷാൽ പുതിയനിയമത്തിലെ ദൈവ്യപരദീസാതന്നെയാണ്. അതിലെ നിവാസികൾ സാക്ഷാൽ ദൈവസാന്നിദ്ധ്യത്തിലും സാമീപ്യത്തിലും സംയോജ്യതയിലും വസിച്ചാനന്ദിക്കുന്നു. നിരന്തരമായ ജപധ്യാനങ്ങൾ, തപക്രിയകൾ, മൌനം, ഏകാന്തത ആദിയായവയാൽ മനുഷ്യശക്തിയെ അതിശയിക്കുന്ന ഒരുവിധ സാഗ്നീയജീവിതം അവർ അനുഷ്ഠിക്കുന്നു.

3. കന്യകകളെ ദൈവശുശ്രൂഷക്കായി പ്രതിഷ്ഠിക്കുക എന്നത് അതിപൂജ്യമായ ഒരു പ്രവൃത്തിയായി അജ്ഞാനികൾകൂടെയും ഗണിച്ചിരുന്നു. യുദ്ധസാമർത്ഥ്യത്തിലും ശാസ്ത്രവിദ്യയിലും ഉൽകൃഷ്ട പദവിയിൽ എത്തിയിരുന്ന റോമാക്കാരുടെ ചരിത്രം ഇതിനു സാക്ഷിയാകുന്നു. വേസ്തെ (Veste) എന്ന ദേവിയെ സേവിക്കുന്നതിനായി മാതാപിതാക്കന്മാർ തങ്ങളുടെ കന്യകകളെ പ്രതിഷ്ഠിക്കുകയും, അതു തങ്ങൾക്കും കുടുംബത്തിനും, നാട്ടിനും ഒരു ഭാഗ്യമായി കരുതുകയും ചെയ്തിരുന്നു. സിബില്ലാ (Sybilla) എന്ന നാമധാരികളായ കന്യകകൾ ദേവന്മാരുടെ ശുശ്രൂഷക്കായി തങ്ങളെ നേർന്ന് "ദേവരുളപ്പാടുകൾ" മനുഷ്യരെ അറിയിച്ചിരുന്നവരത്രെ. അപ്പോഴോ, കന്യകാപ്രതിഷ്ഠയും വ്രതവും പുറജാതികളുടെയിടയിൽപോലും പൂജ്യമായി ഗണിച്ചിരുന്ന ഒരു ആചാരമാണ്.

പഴയവേദത്തിൽ, കന്യകകളും ദൈവാലയത്തിൽ മേല്പ
ട്ടക്കാരുടെ നേതൃത്വത്തിൽ പരിശുദ്ധജീവിതം നയിച്ചിരുന്ന
തായി കാണുന്നുണ്ട്. പുതിയവേദത്തിലാകട്ടെ നമ്മുടെ ദിവ്യ
ഗുരു കന്യകാജീവിതത്തെ പ്രത്യേകവിധത്തിൽ പരിശുദ്ധീകരി
ച്ച് സ്ഥാപിക്കാൻ ചിത്തമായതിനാൽ മൂന്നുവയസ്സിൽ കന്യ
കാവ്രതം അനുഷ്ഠിച്ച്, ദൈവാലയത്തിൽ വസിച്ച്, ദൈവശു
ശ്രൂഷയിലും ജപധ്യാനത്തിലും ആയുഷ്കാലം കഴിച്ചിരുന്ന ഒരു
കന്യകയെ തന്റെ അമ്മയായി തെരിഞ്ഞെടുത്തു് കന്യകാജീ
വിതരീതിയെ നിയന്ത്രിക്കുകയും ശ്രുപീകരിക്കുകയും ചെയ്തുവെ
ന്നു വേദശാസ്ത്രികളും ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നു. സാ
ക്ഷാൽ, കത്തോലിക്കാവേദത്തിന്റെ പ്രചാരത്തോടുകൂടെത്ത
ന്നെ കന്യകാവ്രതജീവിതാവസ്ഥയും സ്ഥാപിതമായി, പ്രച
രിച്ചു. മാത്രമല്ല, കന്യകാസഭകളും തിരുസ്സഭയുടെ പ്രധാന ഭ
ദ്രണങ്ങളിൽ ഒന്നായിതീർന്നുവെന്നും നിഷ്പ്രയാസം കാ
ണാം.

രാജകുമാരികളും, പ്രഭുപുത്രികളും, ധനികരുടെ പുത്രിക
ളുടെയും മ്ശിഹായുടെ വേദത്തെപ്രതി തങ്ങളുടെ രക്തം
ചിന്തി പ്രാണനെ പൂജിപ്പാൻ തുനിഞ്ഞു പുറപ്പെട്ടതുപോലെ
തന്നെ, അനേക കന്യകകളും പിതൃഭവനം, മാതാപിതാക്കന്മാ
ർ, സഹോദരസഹോദരികൾ, സ്നേഹമിത്രങ്ങൾ, സമ്പത്തുക്ക
ൾ, സുഖം, മാനം, കുലീനരോടുള്ള വിവാഹം എന്നിവയെ
ല്ലാം വേണ്ടെന്നുവെച്ച് ഗ്രഹകളിലും, മാങ്ങളിലും മറവുമായി
കഠിനതപം, നിരന്തരജപധ്യാനം, മൌനം, ഏകാന്തത എന്നി
വ അനുഷ്ഠിച്ച് ജീവിച്ച് മ്ശിഹായുടെ ജ്ഞാനത്തോട്ടങ്ങൾ—
ജ്ഞാനമണവാട്ടികൾ— ആയിത്തീർന്നു. എത്രയോ കന്യകകൾ
സകലവും ഉപേക്ഷിച്ച് മാങ്ങളിൽചെന്ന് ജപധ്യാനം തപ
മുതലായവയ്ക്കുപുറമെ അനാഥകുട്ടികളെ വളർത്തി രക്ഷിക്കുക,
വിദ്യാഭ്യാസം ചെയ്യിക്കുക, രോഗികളെ ശുശ്രൂഷിക്കുക, വേദ
പാഠം പഠിപ്പിക്കുക എന്നിത്യാദികർമ്മങ്ങൾക്കായി തങ്ങളുടെ സമയവും
സുഖവും പൂജിക്കുന്നു. ഈ ഏർപ്പാടുമൂലം രക്ഷിക്കപ്പെടുന്നവരു

ടെയും, സംരക്ഷിക്കപ്പെടുന്നവരുടെയും എണ്ണം എത്ര അസംഖ്യം!!.

അപ്പൊഴൊ, കന്യകാജീവിതം, മാംസ എന്നിവ സാക്ഷാൽ കത്തോലിക്കസഭയുടെ ഭൂഷണംതന്നെയാണ്. ഇനി, ഈ കന്യകകളുടെ പ്രാർത്ഥനകളും, തപക്രിയകളുംമൂലം ലോകത്തിൽ ദൈവം പ്രദാനംചെയ്യുന്ന പ്രസാദവരങ്ങളും എത്രയധികം!. ഇവരുടെ ഉത്തമദൃഷ്ടാന്തത്താലും ഉപദേശങ്ങളാലും സന്മാർഗ്ഗത്തിലേക്ക് ചേരുന്നവർ എത്രയെത്ര ആളുകളാണ്!

4. ഇനി, പ്രിയ സഹോദരികളേ, നിങ്ങൾക്കു കിട്ടിയിരിക്കുന്ന ഭാഗ്യം എത്ര മഹാത്മയതെന്ന് ഓർക്കുക. നിങ്ങളുടെ നാമംതന്നെ എത്ര ഉന്നതമായത്! മ്ശിഹായുടെ മണവാട്ടികൾ. നിങ്ങളുടെ അവകാശം എത്ര അമൂല്യമായത്! സ്വർഗ്ഗീയനിക്ഷേപം. ധൈര്യമായിരിപ്പിൻ. നിങ്ങൾക്ക് പറഞ്ഞൊരുക്കപ്പെട്ടിരിക്കുന്ന സമ്മാനം പ്രാപിക്കുന്നതിനുമുമ്പായി നിങ്ങൾ കുറെ വിഷമതകൾ സഹിക്കേണ്ടിവന്നേക്കാം. പിൻമാറരുത്; മുന്നോട്ട് നടപ്പിൻ: സമ്മാനം നിശ്ചയമുള്ളത്, മഹത്തായത്, നിത്യമായത്! മുള്ളുകളും കല്ലുകളും ചവുട്ടേണ്ടിവരും. വഹിക്കേണ്ട ഭാരം വലുതുതന്നെ. പക്ഷെ, നിങ്ങളുടെ ദിവ്യമണവാളൻ "എന്റെ നുകം ഇമ്പമുള്ളതും, എന്റെ ചുമട് ലഘുവായതും ആണ്" എന്ന് അരുളിച്ചെയ്യുന്നു.

നിങ്ങളെ ഈ ഉന്നതവും അപൂർവ്വവുമായ അവകാശത്തിനു വിളിച്ച ദൈവം അതിൽ നിങ്ങളെ പ്രവർത്തിപ്പിച്ച് അത് നിങ്ങൾ അനുഭവിക്കുന്നതിനുവേണ്ട സഹായം ചെയ്യും നിശ്ചയം. നിങ്ങളുടെ സഹകരണംമാത്രം മതിയായിരിക്കുന്നു. ആകയാൽ, ലോകത്തോടും, രക്തസംബന്ധികളോടും, ബന്ധുമിത്രാദികളോടും യാത്രചൊല്ലി, ഔദ്യോഗികമായി നിങ്ങൾ പ്രവേശിപ്പിൻ. അതിലേക്കുള്ള പ്രവേശന ചിഹ്നമായ സ്വഭാവസ്ത്രം സ്വീകരിപ്പിൻ. നിങ്ങളെ പാർത്തിരിക്കുന്ന ദിവ്യമണവാളന്റെ ഭവനത്തിൽ പ്രവേശിപ്പിൻ".

സഭയിലെ വിദ്യാലയങ്ങളുടെ ശരിയായ നടത്തിപ്പിനു ഉന്നതബിരുദധാരികളായ വൈദികർതന്നെ സഭയിലുണ്ടാകേണ്ടതാവശ്യമാണെന്നു ഗ്രഹിച്ചുകൊണ്ട് ഇദ്ദേഹം പ്രിയോർജനറാളായി സഭയെ ഭരിച്ചിരുന്നകാലത്താണ് ഇടപ്രഥമമായി സവ്വകലാശാലാ പഠനത്തിനായിട്ട് മംഗലാപുരത്തേക്കും തൃശ്ശിനാപ്പള്ളിക്കും വൈദികരായ സഭാംഗങ്ങളെ വിട്ടതെന്നുള്ളതും സ്മരണീയംതന്നെ.

രഹസ്യജീവിതം.

ബ. ഗബ്രിയേലച്ചന്റെ രഹസ്യജീവിതം കേവലം അനാഡംബരപരമായിരുന്നു. സമഭാവന, സാഹോദര്യം, ദീനാനുകമ്പ, മതതീക്ഷ്ണത, സർവ്വോപരി ദൈവഭക്തി എന്നിവ ഇദ്ദേഹത്തിൽ വിശേഷവിധിയായി വിളങ്ങിയിരുന്ന സുകൃതങ്ങളത്രെ. തന്റെ സ്നേഹസൂണവും സരസവുമായ സംഭാഷണങ്ങളാൽ ദുഃഖിതരെ ആശ്വസിപ്പിക്കുന്നതിനും, തന്നോടിടപെടുന്നവരെ ദൈവത്തിങ്കലേക്കു ആകഷിക്കുന്നതിനുമുള്ള ഒരു പ്രത്യേക പാടവം ഇദ്ദേഹത്തിനുണ്ടായിരുന്നു. നവസന്യാസ ഗുരുവിന്റെ ജോലി സഭയിൽ ഏറ്റവും പ്രാധാന്യമുള്ള ഒന്നാണെന്നു പറയേണ്ടതില്ലല്ലൊ. ഈശോ കർത്താവിന്റെ ചരായ ആത്മാക്കളിൽ പതിക്കുന്നതിനു ഇദ്ദേഹത്തിനുണ്ടായിരുന്ന അനന്യസാധാരണമായ സാമർത്ഥ്യം നിമിത്തം പ്രസ്തുത ജോലി നിയമാനുസരണം വേണ്ടിയ വയസ്സു കഴിച്ചു പൂർത്തിയായതിനോടുകൂടി പൊതുസംഘം ഇദ്ദേഹത്തെ ഭരമേല്പിക്കയുണ്ടായി. ദീർഘനാളത്തെ അദ്ദേഹത്തിന്റെ ശിക്ഷണാപാടവത്തിൽനിന്നും ഉളവായ ഫലങ്ങളെപ്പറ്റി സഭ ഇന്നും പ്രശംസിക്കുന്നു.

സമഭാവന

മനുഷ്യഹൃദയങ്ങളെ ആകഷിക്കുന്നതിനുള്ള വിശേഷൈകമുഖ്യവും ഇദ്ദേഹത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ഇദ്ദേഹ

ത്തോട്ട സംസാരിക്കുന്നതും ഇദ്ദേഹത്തെ സ്നേഹിക്കുന്നതും ഒന്നുതന്നെ ആയിരുന്നു. അദ്ദേഹം ആകഷിച്ചിരുന്ന ഏവരെയും മ്ശീഹാ നാഥന്റെപക്കൽ സമർപ്പിക്കുന്നതിനു നൈസർഗ്ഗികമായ ഒരു പാടവമുണ്ടായിരുന്നെന്നു പറയാം. 'മ്ശിഹായ്ക്കുവേണ്ടി എല്ലാമനുഷ്യരെയും നേടുന്നതിനായി ഞാൻ എല്ലാവർക്കും എല്ലാമായി' എന്നുള്ള വി. പൌലോസിന്റെ മുദ്രാവാക്യം ഇദ്ദേഹത്തിനും ജീവിതോദ്ദേശമായി പരിണമിച്ചു. ഏറ്റം താഴ്ന്നപടിയിലുള്ള ആളുകളെപ്പോലും ഏറ്റം ആർദ്രതയോടെ അദ്ദേഹം സ്നേഹിച്ചാചരിച്ചിരുന്നു. വലിയ സ്ഥാനങ്ങളിൽ ഇരുന്ന കാലത്തുപോലും ഏവരോടും സമഭാവനയോടെയത്രെ വർത്തിച്ചിരുന്നതു. എതുയും ധൃതിയായുള്ള ജോലികളിൽ ബദ്ധശ്രദ്ധനായിരിക്കുന്ന സമയത്തു് ഒരു പുതുസന്യാസിതന്നെ ആയിരുന്നാലും അദ്ദേഹത്തെ സമീപിക്കുന്നതായിരുന്നാൽ, ഒരുജോലിയുമില്ലായിരുന്നാൽ എന്നപോലെ അയാളെ സശ്രദ്ധം ശ്രവിച്ച് വേണ്ടവിധം സമാശ്വസിപ്പിച്ചുവിട്ടശേഷമല്ലാതെ അദ്ദേഹം സ്വന്തജോലി തുടർന്നിരുന്നില്ല.

ദാരിദ്ര്യം, പരിത്യാഗജീവിതം.

ദാരിദ്ര്യവും പരിത്യാഗജീവിതവും മ്ശിഹായോട്ട നമ്മെ തുല്യപ്പെടുത്തുന്ന ഒന്നാണെങ്കിൽ ഇദ്ദേഹത്തിനു അക്കാര്യത്തിൽ ഒരുന്നത സ്ഥാനമുണ്ട്. സന്യാസജീവിതത്തിന്റെ സാരാംശങ്ങളായ ദാരിദ്ര്യം, ആജ്ഞാനുസരണം, വിശുദ്ധി എന്നീ സുകൃതങ്ങളിൽ നവസന്യാസകാലംമുതൽ ശോഭിച്ചിരുന്നതിനാൽ നമ്മുടെ കഥാനായകൻ ഏവരുടേയും സ്നേഹബഹുമാനങ്ങൾക്കു പാത്രീഭൂതനായിട്ടുണ്ട്. വി. ശ്ലീഹായുടെ ഉപദേശമനുസരിച്ച് ആയുസ്സു കാക്കുന്നതിനു ക്ഷണവും, ശരീരം മറയ്ക്കുന്നതിനു വസ്ത്രവുംകൊണ്ട് സംതൃപ്തനായി സാമാന്യത്തിൽ സാമാന്യമായ ഒരു ജീവിതരീതിയാണ്, ലോകാ

ഡംബരങ്ങളെല്ലാം പരിത്യജിച്ചുകൊണ്ട് അദ്ദേഹം മരണംവരെ നിഷ്കൃഷ്ടപൂർവ്വം അവലംബിച്ചു പോന്നതു. ഇന്നു ലോകസന്തോഷങ്ങളുടെ പുറകെ മതിമറന്നോടുന്ന എത്രയുവാക്കന്മാർക്കാണ് അദ്ദേഹം മാതൃദശിയായി തീർന്നിട്ടുള്ളതെന്നു സാക്ഷ്യം വഹിക്കുന്നവർ കുറവായിരിക്കയില്ല.

അനുസരണം, എളിമ.

സന്ന്യാസജീവിതത്തിന്റെ അടിസ്ഥാനമായ ആജ്ഞാനുസരണത്തിന്റെ പരിപൂർണ്ണതയെപ്പറ്റി വാക്കുകളാൽ പ്രസംഗിപ്പാൻ എത്ര എളുപ്പമാണെന്നാ അതുപോലും ഒക്കുമാണല്ലൊ അതു പ്രവൃത്തിയിൽ അനുസരിക്കുക എന്നതു്. എന്നാൽ നമ്മുടെ ചരിത്രനായകൻ എത്രയും ഹൃദയംഗമമായവിധം ആജ്ഞാനുസരണം അഭ്യസിച്ചിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യർ ഓരോ സ്ഥാനപദവിയിലേക്കു ഉയർത്തപ്പെട്ടശേഷം അവരോടു കാണിച്ചിരുന്ന ആദരവും വണക്കവും സ്തുത്യർഹമായിരുന്നു. ഇതു പലരെയും അത്ഭുതപ്പെടുത്തുകയും, ഏവർക്കും സുകൃതദൃഷ്ടാന്തമായി ഭവിക്കയും ചെയ്തിട്ടുണ്ട്. സകലപുണ്യങ്ങളുടെയും അടിസ്ഥാനമായ എളിമയിലും ഇദ്ദേഹം പ്രശോഭിച്ചിരുന്നു. മരിക്കുന്നതിനു ഏതാണ്ട് ഒരുകൊല്ലംമുമ്പ്, അദ്ദേഹം സഭയിലെ ഒന്നിനോർ സ്ഥാനിയായിരിക്കയിൽ, അദ്ദേഹം തന്നെക്കാൾ ഇരുപതിൽപരം വയസ്സു പ്രായംകുറവുള്ള തന്റെ ഒരു വാത്സല്യ വൈദിക ശിഷ്യനു അയച്ച ഒരു കത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "ബ. പ്രിയ അച്ചാ ...എന്നെ മറക്കരുതു്. അപേക്ഷ നിറുത്തരുതു്. ദീനം ക്ഷീണം— മരണത്തിന്റെ ദൂതന്മാരാണ്— വന്നുകൂടിയിരിക്കുന്നു. ഒരുങ്ങുന്നു— ഇപ്പോഴാണ് അപേക്ഷാസഹായം അധികം വേണ്ടതു്. നല്ലമരണം കിട്ടിയാൽമതി. N. B. മരണത്തിനു ഒരുങ്ങിട്ടു ഒക്കുന്നില്ല. എന്തു വേണമെന്നു അറിയിച്ചുതരണമേ. മുട്ടുകുത്തി പറഞ്ഞു സമാ

80825

ധാനപ്പെട്ടത്തിയാൽ പോരാ. അതിന്റെ സമയം കഴിഞ്ഞു എന്നു എ. ഇ. കെ. നി. മൂ. സ. ആ. ഗബ്രിയേൽ പട്ടക്കാരൻ.'' ഹാ! ഇതിൽനിന്നും അദ്ദേഹത്തിൽ പ്രശോഭിച്ചിരുന്ന എളിമ ഏതുവിധമെന്ന് കുറെയെങ്കിലും മനസ്സിലാക്കാമെല്ലൊ.

അന്ത്യരോഗം— മരണം.

പ്രായാധിക്യംകൊണ്ടും ദീനംകൊണ്ടും ആശ്വാസത്തിനായി ഈ വന്ദ്യദേഹം '33 ജനുവരി 7—ാംനു- തേവരകൊവേന്തയിൽനിന്നും ആലുവാകൊവേന്തയിലേക്കുപോയി. അങ്ങനെ അവിടെ താമസിക്കുകയിൽ ടി. മാസം 20—ാംനു- പക്ഷപാതത്താൽ തളർന്നു വീഴ്ചയായി. രോഗം വർദ്ധിച്ചുവരുന്നതായി കണ്ടതിനാൽ 21—ാംനു- അന്ത്യലേപനം നൽകപ്പെട്ടു. അതു ഭക്തിയോടും സുബോധത്തോടുംകൂടെ സ്വീകരിച്ചു. രോഗശയ്യയിൽ അ. ഉ. ദലഗാദോ അപ്പൊസ്തോലിക്കയും, എറണാകുളം, തിരുവനന്തപുരം, തൃശ്ശൂർ, കോട്ടയം എന്നീ സ്ഥലങ്ങളിലെ വന്ദ്യതിരുമേനിമാരും ഇദ്ദേഹത്തെ സന്ദർശിച്ച് ആശിസ്സ് നൽകുകയുണ്ടായി. എറണാകുളം മെത്രാപ്പോലീത്താച്ചൻ മൂന്നുപ്രാവശ്യം മരണശയ്യയിൽ സന്ദർശിച്ച് ആശിസ്സ നൽകിയിട്ടുണ്ടെന്നതും പ്രസ്താവ്യമാണ്. പല ചികിത്സകളും ചെയ്തിട്ടും ഗുണമില്ലാതെ രോഗം വർദ്ധിച്ച് ഫെബ്രുവരി 5—ാംനു- ഞായറാഴ്ച കാലത്തു 11 മണിക്ക് 67—ാമത്തെ വയസ്സിൽ തന്റെ വേലകളുടെ സമ്മാനം പ്രാപിക്കാനായി പെ. ബ. ഗബ്രിയേലച്ചൻ ലോകത്തോട് അന്ത്യയാത്രയും പറഞ്ഞു പിരിഞ്ഞു. ദൈവത്തിനുവേണ്ടിയും, സഹോദരങ്ങൾക്കുവേണ്ടിയും ജീവിതകാലം മുഴുവനും പ്രയത്നിച്ചിരുന്ന ഈ മഹാത്മാവു് താൻ സഭക്കുവേണ്ടിയും, ദൈവേഷ്ടം നിറവേറുന്നതിനായും സ്വയം വ്യയം ചെയ്തിട്ടുണ്ട് എന്നു മരണശയ്യയിൽവെച്ച് പ്രസ്താവിക്കയുണ്ടായെന്നുള്ളതു പ്രത്യേകം സ്മരണീയം തന്നെ.

ST. THOMAS COLLEGE LIBRARY
THRISSUR - 20

പിറ്റെദിവസമായ 6-ാംനു- തിങ്കളാഴ്ച 60-ൽപരം വൈദികരുടേയും ഒട്ടുവളരെ ജനങ്ങളുടേയും സാന്നിധ്യത്തിൽ ശവസംസ്കാരകർമ്മം അ. പ്ര. എണ്ണാകുളം മെത്രാപ്പോലിത്താ മാർ അഗസ്റ്റീൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ടു സാഘോഷം നിർവ്വഹിച്ചു. ഇപ്രകാരം ആലുവായിലെ സെൻറാൻറണിയുടെ ആശ്രമ ദൈവാലയത്തിൽ തെക്കേവശത്തെ ഒന്നാമത്തെ കുഴിമാടത്തിൽ ഭൂദാനം ചെയ്യപ്പെട്ടു.

പ്രാർത്ഥനാക്രമത്തിൽ പറയുന്നതുപോലെ "മ്ശിഹായുടെ സ്നേഹത്തിൽ നമ്മുടെ മുമ്പാകെ പ്രയത്നിച്ചിട്ടുള്ള നമ്മുടെ പിതാക്കന്മാരുടെ യോഗ്യതകളെ നമുക്കു ഇവിടെ സ്തുതിക്കാം."

Permissu Superiorum.





പരേതനായ

ക. നി. മു. സ. പ്രിയോർ ജനറാൽ.

പെ. ബ. യെസുസേപ്പു് ഗബ്രിയേലച്ചൻ.

1866—1933.

ജനനം ....1866 മാച്ചു് 19.
സഭാപ്രവേശനം .... 1881 ഒക്ടോബർ 31.
അനിത്യവ്രതാനുഷ്ഠാനം .... 1887 ജനുവരി 6.
നിത്യവ്രതാനുഷ്ഠാനം .... 1894 ജൂൺ 1.
ഉദ്ധപ്പട്ടസ്വീകരണം .... 1896 ഏപ്രിൽ 4.
നവസന്ന്യാസഗ്രഹം .... 1899—1905, 1914—1917.
അമ്പഴക്കാട്ടു് പ്രിയോർ .... 1905—1911.
ദൈഹ്നിത്തോർജനറാൽ.. 1902-'05, 1914'17-, 1923-'32.
പ്രിയോർജനറാൽ .... 1917—1920.
മരണം .... 1933 ഫെബ്രുവരി 5.

R. I. P.

CT Library
00080825
K100 C629

